# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6593      01/11/2011-ൽ മറുപടിയ്ക്ക്

## സീതാലയം പദ്ധതി

ചോദ്യം      മറുപടി

ശ്രീ. പി. ഉബൈദുള്ള:      ശ്രീ. അടൂർ പ്രകാശ്
(ആരോഗ്യവും കയറും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഹോമിയോ ആശുപത്രിയോടനുബന്ധിച്ചുള്ള സീതാലയം പദ്ധതിയെപ്പറ്റി വിശദീകരിക്കാമോ; | (എ) | സ്ത്രീകളുടെ മാനസികവും ശാരീരികവും സാമൂഹ്യവുമായ ഉന്നതി ലക്ഷ്യമിട്ടു കൊണ്ടാണ് ഹോമിയോപ്പതി വകുപ്പിൽ സീതാലയം പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. സമൂഹത്തിൽ ഗാർഹിക പീഡനം അനുഭവിക്കുന്ന സ്ത്രീകൾക്കുള്ള ഒരു സഹായ ഹസ്തമാണ് സീതാലയം. ചികിത്സയോടൊപ്പം മാനസിക ആരോഗ്യവും പ്രദാനം ചെയ്യുന്നതിനായി ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സഹായവും സീതാലയം നൽകിവരുന്നു. |
| (ബി) | കേരളത്തിൽ എവിടെയെല്ലാമാണ് സീതാലയം പ്രവർത്തിക്കുന്നത്; | (ബി) | 1. തിരുവനന്തപുരം ജില്ലാ ഹോമിയോ ആശുപത്രി<br>2. കോട്ടയം സർക്കാർ ഹോമിയോ ആശുപത്രി, കുറിച്ചി<br>3. കോഴിക്കോട് ജില്ലാ ഹോമിയോ ആശുപത്രി<br>എന്നിവിടങ്ങളിൽ സീതാലയം പ്രവർത്തി ക്കുന്നു. |
| (സി) | മലപ്പുറം മുണ്ടുപറമ്പിലുള്ള ജില്ലാ ഹോമിയോ ആശുപത്രി യോടനുബന്ധിച്ച് ഒരു സീതാലയം ആരംഭിക്കുമോ? | (സി) | സീതാലയം പദ്ധതി മറ്റ് ആശുപത്രികളിൽ ഘട്ടംഘട്ടമായി തുടങ്ങുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ